പതിമൂന്നാംകേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2814 — 21.06.2012 – ൽ മറുപടിക്ക്

## ചാത്തന്നൂർ നിയോജക മണ്ഡലത്തിൽ പള്ളിക്കമണ്ണടി പാലത്തിന് ഭരണാനുമതി ലഭിച്ചതിന്റെ വിശദാംശങ്ങൾ

| ചോദ്യം<br>ശ്രീ. ജി.എസ്. ജയലാൽ | | ഉത്തരം<br>ശ്രീ. വി.കെ.ഇബ്രാഹിം കുഞ്ഞ്<br>(മരാമത്ത് വകുപ്പമന്ത്രി) |
|---|---|---|
| (എ) ചാത്തന്നൂർ നിയോജക മണ്ഡലത്തിൽ ഉൾപ്പെട്ട പള്ളിക്കമണ്ണടി പാലത്തിന് എത്ര രൂപയുടെ ഭരണാനുമതിയാണ് ലഭിച്ചത്; ഏത് തീയതിയിലാണെന്നും അറിയിക്കാമോ; | (എ) | പള്ളിക്കമണ്ണടി പാലത്തിന്റെ നിർമ്മാണത്തിനായി ജി.ഒ. (ആർ.ടി) നമ്പർ.1185/2009/ പൊമവ തീയതി 14.08.2009 പ്രകാരം 315 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.. |
| (ബി) പ്രസ്തുത പാലം നിർമ്മാണ വുമായി ബന്ധപ്പെട്ട് നാളിതു വരെ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്;<br>(സി) അപ്രോച്ച് റോഡിനുള്ള ഭൂമി ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട പ്രവർത്തന ങ്ങൾ ആരംഭിച്ചിട്ട് എത്ര മാസമായിയെന്ന് അറിയി ക്കാമോ; പുരോഗതി വ്യക്തമാക്കാമോ; | (ബി) & (സി) | ഭരണാനുമതി ലഭിച്ച മുറയ്ക്ക് സ്ഥലം സർവേ ചെയ്തു. മണ്ണ് പരിശോധന നടത്തി. പാലത്തിന്റെ അലൈൻ മെന്റും മണ്ണ് പരിശോധനയിലെ വിശദാംശങ്ങളും പാലത്തിന്റെ രൂപരേഖ തയ്യാറാക്കുന്നതിനു വേണ്ടി ഡ്രിക് ബോർഡിന് സമർപ്പിച്ചു. ഇതിനെ തുടർന്ന് ഡിസൈൻ വിഭാഗം പാലത്തിന്റെ രൂപരേഖ തയ്യാറാക്കി. ഇതിനോ ടൊപ്പംതന്നെ ഭൂമി പൊന്നും വിലയ്ക്ക് ഏറ്റെടുക്കാൻ വേണ്ട നടപടി ക്രമങ്ങൾ സ്വീകരിച്ചു വരുന്നു. റിക്വിസിഷൻ ഫോമുകളും സ്കെച്ചും കൊല്ലം ജില്ലാ കളക്ടർക്ക് സമർപ്പിക്കുകയും ഇതിനെ |

| | | | |
|---|---|---|---|
| | | | തുടർന്ന് 18.01.2012 -ൽ സ്പെഷ്യൽ തഹസീൽദാർ എൽ.എ. (കൊല്ലം) സംഘവും ഈ സ്ഥലത്ത് സംയുക്ത പരിശോധന നടത്തുകയും ചെയ്തു. അവിടെ ഡിപ്പാർട്ട്മെന്റ് സ്ഥാപിച്ച കല്ലുകൾ പരിശോധിച്ചു. പരിശോധനയുടെ ഭാഗമായി അവർ കളക്ടർക്ക് റിപ്പോർട്ട് സമർപ്പിച്ചു. റിപ്പോർട്ടിൽ ആദിച്ചനല്ലൂർ വില്ലേജിൽ ഉൾപ്പെട്ടു വരുന്ന അപ്രോച്ച് റോഡിൽ ചില സർവ്വേ നമ്പരുകൾ നെൽ വയലാണെന്നും കൂടാതെ ഒരു ചെറിയ തോടും കൂടി കടന്നു പോകുന്നുണ്ടെന്നും പരാമർശിക്കപ്പെട്ടു. ഇതിനെതുടർന്ന് കൊല്ലം ജില്ലാ കളക്ടർ സർക്കാർ ഉത്തരവു പ്രകാരമുള്ള ഹൈ ലെവൽ കമ്മിറ്റിയുടെ അംഗീകാരവും, കേരള നെൽ വയൽ തണ്ണീർത്തട സംരക്ഷണ നിയമം 2008 വകുപ്പ് 10 പ്രകാരം ആവശ്യമായിട്ടുള്ള ഒഴിവാക്കൽ ഉത്തരവും വേണമെന്ന് ആവശ്യപ്പെട്ടു. അപ്രോച്ച് റോഡിനുള്ള ഭൂമി ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ ആരംഭിച്ചിട്ട് ഒരു വർഷവും മൂന്നുമാസവുമായി. |
| (ഡി) | ഭൂമി ഏറ്റെടുക്കലുമായി ബന്ധപ്പെട്ട് റവന്യൂ വകുപ്പ് കാല താമസം വരുത്തുന്ന വിവരം ബോദ്ധ്യപ്പെട്ടിട്ടുണ്ടോ; | (ഡി) | പള്ളിക്കമണ്ണടി പാലത്തിന്റെ അപ്രോച്ച് റോഡുമായി ബന്ധപ്പെട്ട ആദിച്ചനല്ലൂർ വില്ലേജിൽ ഉൾപ്പെട്ടു വരുന്ന 338/2, 360/5, 360/4, 360/3, 360/2, 360/1 എന്നീ സർവ്വേ നമ്പരുകളിലെ സ്ഥലങ്ങൾ വയലാണ്. കൂടാതെ |

1.50 മീറ്റർ വീതിയുള്ള ഒരു ചെറിയ തോടും ഇതിൽ ഉൾപ്പെട്ടു വരുന്നു. ആയതിനാൽ റവന്യൂ വകുപ്പ് ഹൈലെവൽ കമ്മിറ്റിയുടെ അംഗീകാരവും കേരള നെൽ വയൽ തണ്ണീർത്തട സംരക്ഷണ നിയമം 2008 വകുപ്പ് 10 പ്രകാരം ആവശ്യമായിട്ടുള്ള ഒഴിവാക്കൽ ഉത്തരവും ആവശ്യമാണ്. ഈ ഉത്തരവ് ലഭിച്ചാൽ മാത്രമേ റവന്യൂ വകുപ്പ് മറ്റു തുടർനടപടികൾ സ്വീകരിക്കുകയുള്ളൂ.

(ഇ) പ്രസ്തുത പാലം നിർമ്മാണത്തിന് ഭൂമി ഏറ്റെടുക്കുന്ന കാര്യത്തിൽ വകുപ്പിനെ കൂടി ഉൾപ്പെടുത്തി പ്രത്യേക യോഗം വിളിക്കാൻ സന്നദ്ധമാകുമോ;

(ഇ) സന്നദ്ധമാണ്.

(എഫ്) ഭൂമി ഏറ്റെടുക്കൽ നടപടികൾ ലഘൂകരിക്കുവാൻ പുതുതായി സ്വീകരിച്ചിട്ടുള്ള നിർദ്ദേശങ്ങളും മാർഗ്ഗങ്ങളും എന്തൊക്കെ യാണെന്ന് അറിയിക്കാമോ?

(എഫ്) ഈ പ്രവൃത്തിയുടെ ഭൂമി ഏറ്റെടുക്കൽ നടപടികൾ ലഘൂകരിക്കുന്നതിന് സർക്കാർ തലത്തിൽ പ്രത്യേകിച്ച് മാർഗ്ഗ നിർദ്ദേശങ്ങളൊന്നും പുറപ്പെടുവിച്ചിട്ടില്ല. എങ്കിലും പൊതു ആവശ്യങ്ങൾക്കായി ഭൂമി ഏറ്റെടുക്കുന്നത് സംബന്ധിച്ച് റവന്യൂ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച 03.05.2012 -ലെ സ.ഉ.(കൈയ്യെഴുത്ത്) നമ്പർ.182/2012/റവ നമ്പർ ഉത്തരവിലെ മാർഗ്ഗ നിർദ്ദേശങ്ങൾ ഈ പ്രവൃത്തിയുടെ ഭൂമി ഏറ്റെടുക്കലിനും ബാധകമാണ്.

സെക്ഷൻ ഓഫീസർ